# ലോകചിന്തകരിൽ ഇസ്‌ലാമികധാരകളെ പ്രതിനിധീകരിക്കുന്നവർ മുൻപന്തിയിൽ



*ഫതഹുല്ല ഗുലൻ*

**ഇന്ന്** ജീവിച്ചിരിക്കുന്ന ഇരുപത് മുൻനിര ചിന്തകന്മാരിലും ദാർശനികരിലും പകുതിയോളം വിവിധ ഇസ്‌ലാമിക ചിന്താധാരകളെ പ്രതിനിധീകരിക്കുന്നവർ. അമേരിക്കയിലെ *ഫോറിൻ പോളിസി*, ബ്രിട്ടനിലെ *പ്രോസ്പെക്ട്* എന്നീ മാഗസിനുകൾ സംയുക്തമായി നടത്തിയ അഭിപ്രായ സർവേയിലാണ് ഈ വെളിപ്പെടുത്തൽ. ഇരുപത് ലോകദാർശനികരിൽ ഒന്നാം സ്ഥാനത്തുള്ളത് തുർക്കിക്കാരനായ ഫതഹുല്ല ഗുലൻ ആണ്. മില്യൻ കണക്കിന് അനുയായികളുള്ള ഈ ഇസ്‌ലാമിക പണ്ഡിതൻ ഇപ്പോൾ താമസം അമേരിക്കയിൽ. അറുപതിലധികം പുസ്തകങ്ങളുടെ കർത്താവ്. ഡോ. യൂസുഫുൽ ഖറദാവി മൂന്നാം സ്ഥാനത്താണ്. ഈജിപ്തുകാരനായ ടി.വി അവതാരകൻ അംറ് ഖാലിദ് ആറും പ്രശസ്ത ഇറാനിയൻ തത്ത്വചിന്തകൻ അബ്ദുൽ കരീം സൊറോഷ് ഏഴും സ്വിസ് പണ്ഡിതൻ താരീഖ് റമദാൻ എട്ടും സ്ഥാനങ്ങളിൽ.

മുസ്‌ലിംലോകത്ത് സാമൂഹിക, രാഷ്ട്രീയ രംഗങ്ങളിലും മനുഷ്യാവകാശ പ്രശ്നങ്ങളിലും ഇടപെടുന്നവരാണ് മറ്റുള്ളവർ. നോബൽ സമ്മാനം നേടിയ ബംഗ്ലാദേശി സാമ്പത്തിക ശാസ്ത്രജ്ഞൻ മുഹമ്മദ് യൂനുസ്, തുർക്കി നോവലിസ്റ്റ് ഒർഹാൻ പാമുഖ്, പാകിസ്താനിൽ മുശർറഫിനെതിരെ പടനയിച്ച പ്രഗത്ഭ നിയമജ്ഞൻ ഇഅ്തിസാസ് അഹ്സൻ, ഉഗാണ്ടൻ നരവംശ ശാസ്ത്രജ്ഞൻ മഹ്മൂദ് മംദാനി, ഇറാനിയൻ മനുഷ്യാവകാശ പ്രവർത്തക ശിറിൻ ഇബാദി, *ന്യൂസ് വീക്ക് ഇന്റർനാഷ്നലി*ന്റെ എഡിറ്റർ റഫീഖ് സകരിയ്യ എന്നിവരാണ് പട്ടികയിൽ ഇടം പിടിച്ചത്.

മരിയോ വർഗാസ് യോസ (പെറുവിയൻ നോവലിസ്റ്റ്), റിച്ചാർഡ് ഡോകിൻസ് (ബ്രിട്ടീഷ് ജീവശാസ്ത്രജ്ഞൻ), നോം ചോംസ്കി (അമേരിക്കൻ ഭാഷാശാസ്ത്രജ്ഞൻ, ആക്ടിവിസ്റ്റ്), ഉംബർട്ടോ എക്കോ (ഇറ്റാലിൻ നോവലിസ്റ്റ്), ബർനാഡ് ലൂയിസ് (ബ്രിട്ടീഷ് ചരിത്രകാരൻ, ഇസ്‌ലാം വിമർശകൻ), അൽഗോർ (പരിസ്ഥിതി പ്രവർത്തകൻ), അയാൻ ഹിർസി അലി (ഡച്ച് വലത് പക്ഷ രാഷ്ട്രീയത്തിന്റെ വക്താവ്), ഗാരി ഗാസ്പറോവ് (റഷ്യൻ മനുഷ്യാവകാശ പ്രവർത്തകൻ, മുൻ ലോക ചെസ് ചാമ്പ്യൻ), സ്റ്റീഫൻ കോൾബർട്ട് (ടെലിവിഷൻ അവതാരകൻ, അമേരിക്ക) എന്നിവരും ഇരുപതംഗ പട്ടികയിൽ ഇടം നേടുകയുണ്ടായി.

നേരത്തേ നൂറ് പേരുടെ ലിസ്റ്റുണ്ടാക്കി അവരിൽ നിന്ന് 20 പേരെ തെരഞ്ഞെടുക്കുകയായിരുന്നു. അര ലക്ഷത്തിലധികം പേർ അഭിപ്രായ വോട്ടെടുപ്പിൽ പങ്കെടുത്തു. ■



*അബ്ദുൽ കരീം സൊറോഷ്*

## മൗദൂദി മെമ്മോറിയൽ ഫൗണ്ടേഷൻ

**മൗലാനാ** മൗദൂദി മെമ്മോറിയൽ ഫൗണ്ടേഷൻ ട്രസ്റ്റിന്റെ വാർഷിക യോഗം മഹാരാഷ്ട്രയിലെ ഔറംഗാബാദിൽ ചേർന്നു. മൗലാനാ മൗദൂദിയുടെ ചിന്തകളെയും രചനകളെയും കുറിച്ച് ഗവേഷണം നടത്തുന്നവർക്ക് ഉപകാരപ്പെടുന്നവിധം വിപുലമായ കോംപ്ലക്സ് നിർമിക്കുന്നതിനാണ് ഫൗണ്ടേഷൻ രൂപവത്കരിച്ചത്. ട്രസ്റ്റ് സെക്രട്ടറി മുഹമ്മദ് ജാവേദ് ഇഖ്ബാൽ അവതരിപ്പിച്ച റിപ്പോർട്ടിൽ, കോംപ്ലക്സിന് വേണ്ടി സ്ഥലം വാങ്ങിയതായും പ്ലാൻ തയാറായതായും അറിയിച്ചു. നിർമാണ ജോലികൾ ഉടൻ ആരംഭിക്കും.

കോംപ്ലക്സിന്റെ നിർമാണ പ്രവർത്തനങ്ങൾ വേണ്ട രീതിയിൽ പുരോഗമിക്കുന്നില്ലെന്ന് യോഗത്തിൽ വിമർശനമുയർന്നു. ഔറംഗാബാദിലെ ദീനീസ്നേഹികളായ പ്രമുഖരെയും ഉൾപ്പെടുത്തി ഒരു കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. മുജ്തബാ ഫാറൂഖാണ് അതിന്റെ ചെയർമാൻ. മുഹമ്മദ് ജാവേദ് മുഖർറം ഡെ. ചെയർമാനും മുഹമ്മദ് അശ്ഫാഖ് അഹ്മദ് ട്രഷററുമാണ്. മൗലാനാ മൗദൂദിയുടെ ജന്മനാടാണ് ഔറംഗാബാദ്. ■